**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5021** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഗിഗ്ഗ് തൊഴിലാളികളുടെ വേതനവും സംരക്ഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ സർവീസ് ഡെലിവറി/ഇ-കോമേഴ്സ് സർവീസ് ഡെലിവറി മേഖലയിൽ പ്രവർത്തിക്കുന്ന ഗിഗ്ഗ് തൊഴിലാളികളുടെ വേതനവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആയതുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ്ഫോം മേഖലയിലെ തൊഴിലാളികളെയും അഗ്രഗേറ്റർമാരേയും ഉൾപ്പെടുത്തി ഒരു ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ ഭക്ഷണവിതരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം എന്ന നിലയിൽ ഓൺലൈൻ ഭക്ഷണ വിതരണ കമ്പനികൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശം കൊണ്ടുവരുന്നതിനായി സാങ്കേതിക രംഗത്ത് വൈദഗ്ധ്യമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി 27.07.2024 ലെ സ.ഉ(സാധാ)നം. 802/2024/ തൊഴിൽ പ്രകാരം ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതര തൊഴിലാളി ക്ഷേമനിധി ബോർഡ് മാതൃകയിൽ, ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ; | (ബി) | കേരള സംസ്ഥാന പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബില്ലിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിനു കീഴിൽ പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ഗിഗ്ഗ് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും വേതനവുമായി ബന്ധപ്പെട്ട് അനുയോജ്യമായ | (സി) | ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക |

| | | | |
|---|---|---|---|
| | നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ